# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2473 — 12/06/2018-ൽ മറുപടിക്ക്

### കോട്ടപ്പടി ആസ്ഥാനമായി സെക്ഷൻ ആഫീസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ആന്റണി ജോൺ | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കോതമംഗലം മണ്ഡലത്തിലെ കോട്ടപ്പടി പഞ്ചായത്തിലെ 5000 ൽ അധികം വൈദ്യുതി ഉപഭോക്താക്കളുടെ സൗകര്യാർത്ഥം, കോട്ടപ്പടി ആസ്ഥാനമായി സെക്ഷൻ ആഫീസ് ആരംഭിക്കണമെന്ന നിവേദനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പുതിയ സെക്ഷൻ രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) & (സി) | കോതമംഗലം-1, വെള്ളൂർകുന്നം എന്നീ സെക്ഷനോഫീസുകൾ വിഭജിച്ച്, കോട്ടപ്പടിക്കടുത്ത് നെല്ലിക്കുഴി ആസ്ഥാനമായി 25.11.2016-ന് പുതിയ ഒരു സെക്ഷൻ ഓഫീസ് ആരംഭിച്ചിട്ടുണ്ട്. സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് ബോർഡ് മുൻകാലങ്ങളിൽ വിഭജനത്തിനായി പരിഗണിച്ചിരുന്നത്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ആയതിനാൽ കോട്ടപ്പടി ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയില്ല. എന്നാൽ ആധുനിക |
| (സി) | ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ? | | |

(...2)

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ